ശ്രീ. കെ. സി. വാമദേവൻ: ഈ ലോട്ടറിയുമായി നിസ്സഹകരിക്കണമെന്ന് ഏതെങ്കിലും അദ്ധ്യാപക സംഘടന ആഹ്വാനം നൽകിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും അദ്ധ്യാപകർ നിസ്സഹകരിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എസ്. വരദരാജൻ നായർ: നിസ്സഹകരണം ഉണ്ടായിട്ടില്ലെങ്കിലും വലിയ സഹകരണം ഉണ്ടായിരുന്നില്ല.

ശ്രീ. പി. പി. എസ്തോസ്: സ്ക്കൂൾ കെട്ടിടനിർമ്മാണരംഗത്ത് റൂറൽ മാൻപവ്വർ സ്കീം അനുസരിച്ച് എറണാകുളം ജില്ലയിൽ പ്രായോഗികമായി ചിലതു നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക ഏജൻസിയെന്ന നിലയിൽ വികസനരംഗത്ത് ഈ ഏജൻസിയെ ഉപയോഗിച്ചുകൊണ്ട് സ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള നടപടിയെ സംബന്ധിച്ച് ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാനുള്ള സ്കീം ഉണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: ഇപ്പോഴത്തന്നെ ആർ. എൻ. പി. സ്കീം അനുസരിച്ച് സ്ക്കൂൾകെട്ടിടങ്ങൾ ചെയ്യാനുള്ള പരിപാടിയുണ്ട്. അത് വിജയകരമായി എറണാകുളം ജില്ലയിലും ഏതാണ്ട് വിജയകരമായീ മറ്റു ജില്ലകളിലും നടന്നിട്ടുണ്ട്.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഈ 28 ലക്ഷം രൂപ ജനറൽ ഫണ്ടിലേക്ക് കൊണ്ടുവന്നിട്ട് എത്ര മാസമായി; ഈ പണം ഉപയോഗിച്ച് കെട്ടിടങ്ങൾ കെട്ടിത്തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്ക്കൂൾ അധികൃതരും നാട്ടുകാരും ആവശ്യക്കാരായി മുന്നോട്ടുവരാത്തതുകൊണ്ടാണോ?

ശ്രീ. എസ്. വരദരാജൻ നായർ: മാസങ്ങളും ദിവസങ്ങളൊന്നുമില്ല. അതിന് ചില നടപടിക്രമമുണ്ട്. ആ നടപടിക്രമം അനുസരിച്ച് ജനറൽ ഫണ്ടിലേക്ക് മാറ്റി. എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് പൊതുവായി ആലോചിച്ച പ്രയോറിട്ടി ലിസ്റ്റ് അനുസരിച്ച് കെട്ടും. അതിന്റെ തീയതി ചോദിച്ചാൽ വിഷമിക്കും.

നെല്ലിന്റെ താങ്ങുവില

* 27 [29] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ താങ്ങുവില വിരിപ്പു വിളയ്ക്ക് വർദ്ധിപ്പിച്ചു കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വർദ്ധിപ്പിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്;

(സി) താങ്ങുവിലനൽകി കർഷകരിൽനിന്ന് നെല്ല് സംഭരിക്കുന്ന പരിപാടിയനുസരിച്ച് ഇതുവരെയായി ഒട്ടാകെ എത്ര ടൺ നെല്ല് ഗവൺമെന്റ് സംഭരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ, ബി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നകാര്യം ഗവൺമെന്റ് പരിഗണിച്ചുവരികയാണ്.

(സി) ഇതുവരെയായി 3943.9 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ സംസ്ഥാനത്ത് ഏതാണ്ട് 7 ലക്ഷം ടൺ അരിക്കുള്ള നെല്ല് മാർക്കറ്റബിളായി വരേണ്ട സ്ഥലത്ത് വെറും മൂവായിരം ടൺ മാത്രം സംഭരിച്ചു എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്താണ് നെല്ല് കർഷകർ ഈ വിലയ്ക്ക് ഗവൺമെന്റിനു തരാത്തതെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: എല്ലാ താലൂക്കുകളിലും ഈ ഏർപ്പാട് നടപ്പിലാക്കിയിട്ടില്ല. കൂടാതെ ചില പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ആകർഷകമായ വിലയും അല്ല എന്നുള്ളതുകൊണ്ടാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഈ നെല്ല് വളരെ ദൂരെ കൊണ്ടു പോയി കൃഷിക്കാർ കൊടുക്കേണ്ടിവരുന്നതുകൊണ്ട് കൃഷിക്കാരുടെ ഭവനങ്ങളിൽനിന്നും പണ്ട് ലെവിനെല്ല് സംഭരിച്ചിട്ടുള്ളതുപോലെ ഈ നെല്ലും സംഭരിക്കുവാനുള്ള സംവിധാനം ഏർപ്പാടുചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: കുട്ടനാട്, തൃശ്ശൂർ കോൾനിലങ്ങൾ, പാലക്കാട് ജില്ല എന്നീ സ്ഥലങ്ങളിൽ കൃഷിക്കാരുടെ ഭവനങ്ങളിൽനിന്നും താങ്ങുവിലയ്ക്കെടുക്കുന്ന നെല്ല് എടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: താങ്ങുവില ആകർഷണീയമല്ലാത്തതുകൊണ്ട് നെല്ലെടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞു. അതുപോലെതന്നെ കൃഷിക്കാരിൽനിന്നും എടുക്കുവാൻ നിശ്ചയിച്ചിട്ടുള്ള കോട്ടാ വളരെ കുറവാണ്. ചെറുകിട കൃഷിക്കാരുടെ കൈയിൽ വിൽക്കാൻ തയ്യാറുള്ള നെല്ലെടുക്കുവാനുള്ള നടപടിയെടുക്കണം. അഞ്ചേക്കറിൽ താഴെയുള്ള കൃഷിക്കാരിൽനിന്നും അവന്റെ ആവശ്യംകഴിഞ്ഞ് ബാക്കി കൊടുക്കുവാനുള്ള നെല്ല് എടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ; ഇപ്പോൾ ഒരേക്കറിൽനിന്നും രണ്ടു ക്വിന്റൽ നെല്ലാണ് എടുക്കുന്നത്. അതുകൊണ്ട് വിൽക്കാൻ തയ്യാറുള്ള ആളുകളിൽനിന്നും തറവിലയ്ക്ക് നെല്ലെടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. ടി. എസ്. ജോൺ: തീർച്ചയായും ഇപ്പോൾ നെല്ല് എടുത്തുകൊണ്ടിരിക്കുന്നത് വളരെ കുറവു മാത്രമാണ്. അഞ്ചേക്കറുള്ള കൃഷിക്കാരിൽനിന്നും ഒരേക്കറിൽനിന്ന് 2 ക്വിന്റൽ മാത്രമാണ് ഇപ്പോൾ താങ്ങുവില പ്രകാരം എടുക്കുന്നത്. അത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽനിന്നും നെല്ലിന് താങ്ങുവില വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതേയുള്ളു എന്നാണ് മനസ്സിലാകുന്നത്. എന്നാൽ ഏതാനും ആഴ്ചകൾക്കുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു പത്രപ്രസ്താവനയിൽനിന്നും നെല്ലിന് വില വർദ്ധിപ്പിക്കുവാൻ തീരുമാനമായി എന്ന് അർത്ഥം ഉണ്ടായി. അത് കേരളത്തിൽ അന്നു നിലവിലിരുന്ന പ്രത്യേകമായ രാഷ്ട്രീയകാലാവസ്ഥയിൽ രാഷ്ട്രീയോദ്ദേശം വച്ചുകൊണ്ടായിരുന്നു എന്നു പറഞ്ഞാൽ അത് നിഷേധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: ബഹുമാനപ്പെട്ട മെമ്പർ ആ പ്രസ്താവന ശരിക്ക് വായിക്കാത്തതുകൊണ്ടാണ് അങ്ങനെ തോന്നിയത്. ഇപ്പോഴും പറഞ്ഞതു മാത്രമേ അന്നും പറഞ്ഞിട്ടുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ: കേന്ദ്രഗവൺമെന്റും നെല്ലിന്റെ താങ്ങുവില ഇപ്പോഴും അല്പം വർദ്ധിപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സപ്പോർട്ട് പ്രൈസ് കമ്മീഷനു 150 രൂപ എന്നു നിശ്ചയിക്കുവാൻ വല്ല ആലോചനയുമുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: കൃഷിക്കാരുടെ നിവേദനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ് 150 രൂപയായി വർദ്ധിപ്പിക്കണമെന്നുള്ളത്. പക്ഷേ സാമ്പത്തികമായി കണക്കുകൂട്ടുമ്പോൾ വളരെയധികം തുക വേണ്ടതുകൊണ്ട് 150 രൂപയായി വർദ്ധിപ്പിക്കുവാൻ നിവൃത്തിയില്ലെങ്കിലും ഇപ്പോഴുള്ളതിനെക്കാൾ അല്പംകൂടി വർദ്ധിപ്പിക്കാമെന്നുള്ളതിനു സംശയമില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: കൃഷിക്കാരെ സഹായിക്കുവാൻ ഏർപ്പെടുത്തിയ താങ്ങുവില കഴിഞ്ഞകൊല്ലം ഒരു നാശമായി കൃഷിക്കാരനു സംഭവിച്ചു. ഇപ്പോഴും കൃഷിക്കാരുടെ ഭവനങ്ങളിൽനിന്നും നേരിട്ട് ഏറ്റെടുക്കുവാൻ ഏർപ്പാടുണ്ടാക്കുമെന്നു പറഞ്ഞു. എന്നാൽ അത് സഹകരണ സംഘങ്ങളിൽക്കൂടി സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: ഇതിനെസംബന്ധിച്ച് ചർച്ച നടത്തി വേണ്ട തീരുമാനം സ്വീകരിക്കുന്നതാണ്. കൃഷിക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തി സഹകരണസംഘങ്ങൾ വഴിയാണോ നേരിട്ടാണോ ശേഖരിക്കേണ്ടതെന്ന് തീരുമാനിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: കഴിഞ്ഞകൊല്ലം താങ്ങുവിലയായി 5 കോടി രൂപയോളം വകയിരുത്തിയെങ്കിലും ഒരുകോടി രൂപയിൽ താഴെ മാത്രമാണ് അതിനുവേണ്ടി ചെലവാക്കിയിട്ടുള്ളതെന്നുള്ളതു പരിഗണിച്ച് ഇന്നുള്ളതിനെക്കാൾ അധികമായ അളവു കൃഷിക്കാരിൽനിന്നു എടുത്താലും ഉദ്ദേശിച്ച തുകയിൽ ഒതുങ്ങുമെന്നുള്ളതുകൊണ്ട് ഓരോ കൃഷിക്കാരിൽനിന്നും ഏക്കറിന് 2 കമ്മീഷൻ എന്നുള്ളത് വർദ്ധിപ്പിക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എസ്. ജോൺ: തീർച്ചയായും സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സംസ്ഥാന ഗവൺമെന്റിന്റെ കടബാദ്ധ്യത

* 28 [30] ശ്രീ. എം. പി. ഗംഗാധരൻ:

,, എ. എ. റഹിം:

,, വി. ഈച്ചരൻ:

,, തെന്നല ബാലകൃഷ്ണപിള്ള:

,, പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റിലേക്ക് ഈ സംസ്ഥാനത്തിന് കടബാദ്ധ്യത ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly